"ഭരണഭാഷ – മാതൃഭാഷ"

**കേരള സംസ്ഥാനം**

**വ്യാവസായിക പരിശീലനവകുപ്പ്**

വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 -
Ph:0471-2303856, ഇ:മെയിൽ - cru.dttvpm@kerala.gov.in
വെബ്സൈറ്റ് :www.det.kerala.gov.in

---

**നമ്പർ : DT/1206/2026-A2** **തീയതി: 10-03-2026**

---

## ചുറ്ററിയിപ്പ്

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഐ.ടി.ഐ-കളിലെ ഇൻസ്ട്രക്ടർമാരുടെ ദേശീയ ഡാറ്റാബേസ് തയ്യാറാക്കുന്നതിന്റെ ഭാഗമായി 2026 പരിശീലന വർഷം മുതൽ SIDH പോർട്ടലിൽ നാഷണൽ ഇൻസ്ട്രക്ടർ മാനേജ്മന്റ് സിസ്റ്റം (NIMS) നടപ്പിലാക്കുന്നത് - ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടത് - സംബന്ധിച്ച്

സൂചന :- 1. ഡയറക്ടർ-റ്റി.സി, DGT-യുടെ 16/01/2026 തീയതിയിലെ DGT-MIS011/1/2025-O/o DIR (TC)[57369] നമ്പർ കത്ത്

2. അഡീഷണൽ ഡയറക്ടറുടെ 30.01.2026-ലെ DT/322/2026-C2 (1) നമ്പർ അനൗദ്യോഗിക കുറിപ്പ്

3. ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ 27.02.2026 ലെ DGT-MIS013/2/2023/O/o DIR (TC) നമ്പർ അർദ്ധ ഔദ്യോഗിക കത്തും, മാർഗ്ഗനിർദ്ദേശങ്ങളും

4. 02.03.2026-ൽ DGT-യിൽ നിന്ന് ലഭിച്ച ഇമെയിൽ സന്ദേശം

**********

ഇന്ത്യ രാജ്യത്തിലെ ഐ.ടി.ഐ-കളിലെ ഇൻസ്ട്രക്ടർമാരുടെ ലഭ്യതക്കുറവുകൾ പരിഹരിക്കുന്നതിനും, ഇരട്ടിപ്പുകൾ ഒഴിവാക്കുന്നതിനും, ഐടിഐ വ്യവസ്ഥയ്ക്കുള്ളിൽ ഇൻസ്ട്രക്ടർമാരുടെ പരിശോധിച്ചുറപ്പിച്ച ഒരു ദേശീയ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുമായി, SIDH പ്ലാറ്റ് ഫോമിൽ നാഷണൽ

ഇൻസ്ട്രക്ടർ മാനേജ്മന്റ് സിസ്റ്റം (NIMS) രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതായി സൂചന (1) പ്രകാരം അറിയിച്ചിരുന്നു.

ടി സാഹചര്യത്തിൽ പ്രസ്തുത NIMS എന്ന പ്രോഗ്രാമിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഐ.ടി.ഐ-കളിലെയും TRADE-SHIFT-UNIT/SUBJECT എന്ന രീതിയിൽ ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ SIDH പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സൂചന (2) പ്രകാരം അറിയിപ്പ് ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് തുടർ നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സൂചന (3) & (4) പ്രകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (1) & (3) മാർഗ്ഗ നിർദ്ദേശങ്ങൾക്കും, സൂചന (4) പ്രകാരമുള്ള സമയക്രമങ്ങൾക്കും അനുസൃതമായി 09.03.2026 മുതൽ ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ SIDH പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്. തുടർന്നുള്ള നടപടികൾ സൂചന (1), (3) & (4) പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

ടി നടപടികളുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ SIDH പോർട്ടലിൽ സ്വീകരിക്കുന്നതിന് ഈ കാര്യാലയത്തിലെ IT-സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ SIDH പോർട്ടലുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്ന പരിഹാരങ്ങൾക്കായി IT-സെല്ലുമായി ബന്ധപ്പെടേണ്ടതാണ്.

ടി നടപടികൾ സ്വീകരിക്കുമ്പോഴുണ്ടാകുന്ന മറ്റു സംശയ നിവാരണങ്ങൾക്ക് ഈ കാര്യാലയത്തിലെ അഡ്മിഷൻ & അഫിലിയേഷൻ (സി സെക്ഷൻ) സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

സൂചന (1), (3) & (4) പ്രകാരമുള്ള രേഖകളുടെ പകർപ്പുകൾ ഇതോടൊപ്പം തുടർ നടപടികൾക്കായി ഉൾക്കൊള്ളിക്കുന്നു.

**ADDITIONAL DIRECTOR OF TRAINING**

ഉള്ളടക്കം :- മേൽ പ്രകാരം

സ്വീകർത്താവ് : എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് : 1. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക്

2. ജൂനിയർ സൂപ്രണ്ട്, അഡ്മിഷൻ & അഫിലിയേഷൻ (സി സെക്ഷൻ) സെക്ഷൻ, ട്രെയിനിംഗ് ഡയറക്ടറേറ്റ്
3. മാനേജർ ഇ-ഗവേർണൻസ്/ടെക്നിക്കൽ അസിസ്റ്റന്റ്, ഐ.ടി സെൽ, ട്രെയിനിംഗ് ഡയറക്ടറേറ്റ്